കുടുംബശ്രീ

തദ്ദേശസ്വയംഭരണ വകുപ്പ്

2011 ഫെബ്രുവരി 1
തിരുവനന്തപുരം
ലക്കം 27

വാർത്താപത്രിക

email: info@kudumbashree.org
www.kudumbashree.org


# കുടുംബശ്രീ ജനപ്രതിനിധികൾക്ക് നേതൃത്വപരിശീലനം

**സ്**ത്രീശാക്തീകരണത്തിലൂടെ സമൂഹത്തിൽ ഇടം നേടിയവർ, വിജയത്തിന്റെ മാധുര്യം നുകർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ജനപ്രതിനിധികൾ. ദാരിദ്ര്യത്തിന്റെ തീച്ചൂളയിൽ എരിഞ്ഞമരുമ്പോൾ ഒരു കച്ചിത്തുരുമ്പായി കുടുംബശ്രീയെ കണ്ടവർ ഒട്ടേറെ അനുഭവങ്ങളുമായാണ് കുടുംബശ്രീയുടെ നേതൃത്വ പരിശീലനത്തിനെത്തിയത്. എന്നാൽ അന്നത്തെ മാനസിക അവസ്ഥയും ചിന്തകളുമല്ലാ പരിശീലനത്തിൽ പ്രതിഫലിച്ചത്. തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളെ കേന്ദ്രീകരിച്ച് ആറു ദിവസമായിട്ടാണ് സംസ്ഥാനതല നേതൃത്വപരിശീലനം കുടുംബശ്രീ സംഘടിപ്പിച്ചത്.വിവിധ മേഖലകളിലൂടെ ഭരണസാരഥ്യ രംഗത്ത് എത്തപ്പെട്ട കുടുംബശ്രീ ജനപ്രതിനിധികൾക്കാണ് പരിശീലനം നൽകിയത്.

കുടുംബശ്രീ പ്രവർത്തനത്തിന്റെ വ്യാപനം, സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകോപനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന റിസോഴ്സ്പേഴ്സൺമാരായ വനിതാ പ്രതിനിധികളാണ് ഭരണസാരഥ്യം ഏറ്റെടുക്കുന്നത്. റിസോഴ്സ്ഗ്രൂപ്പിന്റെ നേതൃത്വശേഷി വികസനത്തിലൂടെ പരിശീലകർ, പ്രചോദകർ, സംഘാടകർ എന്നീ ചുമതലകളായിരിക്കും ഈ റിസോഴ്സ്പേഴ്സൺമാർ നിർവ്വഹിക്കുന്നത്. തദ്ദേശഭരണസ്ഥാപന ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ജനപ്രതിനിധികളുടെ ഭരണവും സാമൂഹികപരവുമായ കഴിവുകൾ വർദ്ധിപ്പിക്കുക, സംയോജനസാധ്യതകൾ മനസിലാക്കി കുടുംബശ്രീയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന പ്രാദേശിക ഭരണസമിതികളെ സൃഷ്ടിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് കുടുംബശ്രീ കൈത്താങ്ങാക്കുന്നതിൽ പഞ്ചായത്തു മെമ്പറുടെ പങ്കെന്താണെന്നുള്ളതിനെ സംബന്ധിച്ച് ബോധവൽക്കരിക്കുക, വിവിധ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

കൂട്ടായ ചർച്ച, പൊതു അവതരണങ്ങൾ, അനുഭവസാക്ഷ്യങ്ങൾ, സംശയ നിവാരണം, സ്വയം പഠനപ്രവർത്തനങ്ങൾ, വ്യക്തിത്വവികസന പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവയായിരുന്നു പരിശീലനത്തിന്റെ രീതിശാസ്ത്രം. 50 ശതമാനത്തിൽ അധികം വരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃനിരയിൽ പ്രവർത്തിക്കാൻ നിയോഗിക്കപ്പെട്ട സാരഥികളെ കേരളത്തിന്റെ വികസനചരിത്രം രചിക്കാൻ പ്രാപ്തരാക്കുന്നതിന് പരിശീലനം സഹായിച്ചു. വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് എത്തിയ പ്രസിഡന്റുമാർ, വൈസ്പ്രസിഡന്റുമാർ, മെമ്പർമാർ, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, ജില്ലാ ആർ.പിമാർ എന്നിവർക്ക് ഫലപ്രദമായ ആശയവിനിമയം, പ്രസംഗപാടവം, നേതൃത്വം തുടങ്ങിയ വിഷയങ്ങളിൽ പങ്കാളിത്ത പ്രവർത്തന ശൈലികളിലൂടെ പരിശീലനം കൈകാര്യം ചെയ്തു.

കേരള വികസന ചരിത്രത്തിൽ കഴിഞ്ഞ 12 വർഷക്കാലത്തെ ചിത്രം പരിശോധിക്കപ്പെടുമ്പോൾ കുടുംബശ്രീയുടെ പങ്കും നേട്ടങ്ങളിൽ കുടുംബശ്രീയുടെ സംഭാവനയും വിസ്മരിക്കത്തക്കതല്ല. കുടുംബശ്രീയിലേക്കുള്ള പ്രവേശനത്തിന്റെ അനുഭവങ്ങളും അതിലൂടെ അവർ നേടിയെടുത്ത ഇച്ഛാശക്തിയും വെളിവാകുന്ന തരത്തിലുള്ള ക്രോഡീകരണം നടത്തിക്കൊണ്ടാണ് പരിശീലനം കൈകാര്യം ചെയ്യപ്പെട്ടത്. പരിശീലനാർത്ഥികളെ ഗ്രൂപ്പുകളാക്കി തിരിച്ച് ഞാൻ എങ്ങനെയാണ് കുടുംബശ്രീയിൽ എത്തിയതെന്നും ആ കുടുംബശ്രീ എന്നെ എങ്ങനെയാണ് ഇന്നത്തെ ഈ നിലയിൽ എത്തിച്ചതുമെന്നുള്ള അനുഭവസാക്ഷ്യമായിരുന്നു ഓരോരുത്തരും പ്രതിപാദിച്ചത്.

സമൂഹത്തിലെ ദാരിദ്ര്യം അനുഭവിക്കുന്നവർ സംഘടിക്കാൻ ശേഷിയില്ലാത്തവരും ശബ്ദമില്ലാത്തവരുമാണ്. അവരുടെ സംഘാടനം കുടുംബശ്രീയിലൂടെ സാധ്യമാകും- കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ ശാരദാ മുരളീധരൻ പരിശീലനാർത്ഥികളോട് പറഞ്ഞു. സമൂഹത്തിൽ അടിച്ചമർത്തുന്നവന്റെ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് കരുത്ത് പകരുന്ന കാഴ്ചപ്പാടാണ് കുടുംബശ്രീയ്ക്കുള്ളത്. അതുകൊണ്ടുതന്നെ ഇതിനു സഹായകമാകുന്ന പ്രവർത്തനസജ്ജരായ ജനപ്രതിനിധികളുടെ സേവനമാണ് ആവശ്യം- ശാരദാമുരളീധരൻ കൂട്ടിച്ചേർത്തു. ട്രെയിനിംഗ് പ്രോഗ്രാം ഓഫീസർ എൻ.ജഗജീവൻ, ജെന്റർ കൺസൾട്ടന്റ് യമുനാ മേനോൻ, എൻ.കൃഷ്ണൻകുട്ടി നായർ, ഏക്സാത് അംഗങ്ങൾ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. കുടുംബശ്രീയുടെ പരിശീലന ചരിത്രത്തിൽ പുതിയൊരേടായിരുന്നു വനിത സാരഥികൾക്കുള്ള നേതൃത്വ പരിശീലനം.

## എന്നെ ഞാനാക്കിയ കുടുംബശ്രീ

"ചേട്ടന്റെയും അനുജന്റെയും ഭാര്യമാർ മത്സരിച്ചതിൽ (അനുജന്റെ ഭാര്യയായ) ഞാൻ വിജയിക്കാൻ കാരണം കുടുംബശ്രീയാണ്. അമൃതം ഫുഡ് സംരംഭത്തിൽ അംഗമാണ് ഞാൻ. ഇലക്ഷന് നിൽക്കുന്നില്ലെന്ന് പറഞ്ഞിട്ടും ജനങ്ങൾ നിർബന്ധിച്ചാണ് എന്നെ നിർത്തിയത്. ഇതിനോടകം ഞാൻ എല്ലാവരാലും അറിയപ്പെട്ടു കഴിഞ്ഞിരുന്നു."

"മുസ്ലിം കുടുംബത്തിൽ നിന്നും എത്തി. വീട്ടിൽ നിന്ന് വെളിയിൽ പോകാൻ പറ്റാത്ത അവസ്ഥയായിരുന്നു മുമ്പ്. പിറ്റേന്ന് മീറ്റിംഗിന് പോകണമെങ്കിൽ തലേദിവസം കൂട്ടുകാർ വന്ന് വീട്ടിൽ സമ്മതം ചോദിക്കേണ്ട അവസ്ഥയിൽ നിന്ന്, കുടുംബശ്രീയുടെ തുടർച്ചയായ പരിശീലന പരിപാടിയിൽ പങ്കെടുത്ത് ഒരുപാട് ധൈര്യവും ആത്മവിശ്വസവും ഉണ്ടായി. ഇന്ന് പഞ്ചായത്ത് വൈസ് പ്രസിഡന്റായി.കുടുംബശ്രീയുടെ പരിശീലനമാണ് എന്നെ ഈ നിലയിൽ എത്തിക്കാൻ സഹായകരമായത്."

"13 വയസ്സിൽ കല്ല്യാണം കഴിഞ്ഞു. ഏഴാം ക്ലാസ്സുവരെ വിദ്യാഭ്യാസം. പുറത്തിറങ്ങാത്ത അനുഭവം. മൂന്ന് കുട്ടികൾ ആയ സമയത്ത് സ്വയം തൊഴിൽ സംഘം തുടങ്ങുവാൻ പ്രേരണ തന്നു. അയൽക്കൂട്ടം പ്രസിഡന്റായി. എല്ലാവരോടും സംസാരിക്കാനുള്ള ധൈര്യം വന്നു. കുടുംബശ്രീൽ വന്നതിനുശേഷമാണ് ആളുകൾ കൂടുന്ന സ്ഥലത്ത് പോകാൻ തുടങ്ങിയത്. എവിടെയും പോകാനുള്ള ധൈര്യം."

## പരിശീലന അനുഭവത്തിലൂടെ.........

"തികച്ചും സമ്പുഷ്ടമായ ഒരു പരിശീലനമാണ് ഇവിടെ ലഭിച്ചത്. ഒരു പക്ഷേ പരിശീലനമെന്ന് പറയാമോ എന്ന് അറിയില്ല. തങ്ങളിൽ ഒളിഞ്ഞ് കിടന്നിരുന്ന ചില സത്യങ്ങളെ അല്ലെങ്കിൽ ചുമതലകളെ തട്ടിയുണർത്തി ബോധമതികളാക്കുന്ന പ്രവർത്തനമാണ് ഇവിടെ നടന്നത്. കുടുംബശ്രീയിലൂടെ കടന്ന് വന്ന നമ്മുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും മറ്റുള്ള മെമ്പറമാരെക്കാൾ ഏറെ വലുതാണെന്ന സത്യം ഈ വർക്ക്ഷോപ്പിലൂടെ തിരിച്ചറിയാനായി. വിവിധ സംയോജന സാധ്യതകൾ എങ്ങനെ പ്രാവർത്തികമാക്കാം എന്നത് നവ്യാനുഭവം തന്നെയായിരുന്നു. ഇന്ന് ഈ പരിശീലനം അവസാനിച്ചു എങ്കിൽ തന്നെയും വരും കാലയളവിൽ ഇതിനേക്കാൾ സമ്പുഷ്ടമായ പരിശീലനം കുടുംബശ്രീയുടെ ഭാഗത്ത് നിന്ന് ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു."

**കുഞ്ഞുമോൾ ചാക്കോ,**
**ഇടുക്കി**

# കുടുംബശ്രീ സംരംഭകർ 'ടീമി'ലൂടെ മുന്നേറുന്നു

**കു**ടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ സഹായിക്കുന്ന പ്രത്യേക പഠന പരിപാടിയായി ടീമിന്റെ (ട്രെയിനിംഗ് എന്റർപെണർഷിപ്പ് ആന്റ് മാനേജ്മെന്റ്) പരിശീലനം പൂർത്തിയായി.



തിമ്പാക്ക് ടൂ കലക്ടീവും കുടുംബശ്രീയും ചേർന്ന് ആരംഭിച്ച കോഴ്സ് ഇൻ റൂറൽ എന്റർപെണർഷിപ്പ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് എന്ന പരിപാടിയെ തുടർന്നാണ് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ടീമിന്റെ(ട്രെയിനിംഗ് എന്റർപെണർഷിപ്പ് ആന്റ് മാനേജ്മെന്റ്) പരിശീലനം പൂർത്തിയാക്കിയത്. സംസ്ഥാനതലത്തിൽ 31 പേർക്ക് സൂക്ഷ്മ സംരംഭങ്ങളുടെ വിവിധ വശങ്ങൾ സംബന്ധിച്ച് പരിശീലനം നൽകുകയും വൈദഗ്ദ്ധ്യം തെളിയിച്ച ഈ 31 പേർ ജില്ലാതലത്തിലെ 250 പേർക്ക് പരിശിലനം നൽകുകയും ചെയ്തു. 250 പേരിൽ ഓരോരുത്തർക്കും ആറ് സംരംഭങ്ങളുടെ ചുമതല വീതമാണ് പരിശീലനത്തിന്റെ ഭാഗമായി നൽകിയത്. അങ്ങനെ 1500 സംരംഭങ്ങൾക്കും ശരാശരി 10.000 സംരംഭകർക്കും ടീമിന്റെ പ്രയോജനം ലഭിക്കുന്നു.

തിരുവനന്തപുരത്തു വച്ചാണ് സംസ്ഥാനതല പരിശീലനം നടന്നത്. പരിശീലനം പൂർത്തിയാക്കിയവർക്ക് കുടുംബശ്രീ ഡയറക്ടർ പി.മനോഹരൻ സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു. വിവിധ ജില്ലകളിൽ നിന്നുള്ള മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർക്കാണ് പരിശീലനം ലഭ്യമാക്കിയത്. ഇവർക്ക് ആറു മാസത്തിൽ മൂന്നു ദിവസമായിട്ടാണ് പരിശീലനം നൽകിയത്. കൃത്യമായ ഡോക്യുമെന്റേഷനും പരിശീലന പരിപാടിയുടെ ഭാഗമായി നടന്നു. ചുമതലയുള്ള 6 സംരംഭങ്ങളുടെ വിശദമായ റിപ്പോർട്ട് ഓരോ വ്യക്തി യും തയ്യാറാക്കി.ടീമിൽ പങ്കെടുത്ത ശേഷം ലഭിച്ച വിവരങ്ങൾ സംരംഭങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആയി പ്രയോജനപ്പെടുത്തുന്നു. ഓരോ സംരംഭവും നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ദൗർലഭ്യങ്ങളും കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കുവാനും സഹായിക്കുന്ന വിധത്തിലാണ് 'ടീം' പരിശീലന പദ്ധതി തയ്യാറാക്കിയത്. ബിസിനസ് പൊതുവിവരം,വില്പനയും വിപണനവും,തന്ത്രവും ആസൂത്രണവും, അക്കൗണ്ടിംഗും ഫിനാൻസും,വിലനിർണ്ണയം എന്നീ 5 മോഡ്യൂളുകളാണ് പരിശീലനത്തിൽ ഉണ്ടായിരുന്നത്.

കുടുംബശ്രീയുടെ മുഴുവൻ സംരംഭകർക്കും ടീമിന്റെ പ്രയോജനം എത്തിക്കുവാനാണ് ശ്രമിക്കുന്നത്. ഏതാണ്ട് 130 ഓളം ഉല്പന്നങ്ങൾ ഇന്ന് കുടുംബശ്രീ സംരംഭകർ പൊതുവിപണിയിൽ എത്തിക്കുന്നു. മത്സരാധിഷ്ഠിതമായ കമ്പോളത്തിൽ വിജയിക്കുവാൻ കുടുംബശ്രീ സംരംഭകരെ പ്രാപ്തരാക്കുവാനാണ് ടീമിലൂടെ കുടുംബശ്രീ യത്നിക്കുന്നത്.

കുഞ്ഞമ്മ ചേച്ചി




ഇരിങ്ങൽ കരകൗശല ഗ്രാമത്തിൽ കുടുംബശ്രീ

കുടുംബശ്രീ വാർത്താപത്രിക

# ഇരിങ്ങൽ കരകൗശല ഗ്രാമത്തിൽ കുടുംബശ്രീ



**ക**രവിരുതിന്റെ കലാഗ്രാമത്തിലെ നിറസാന്നിദ്ധ്യമായി കുടുംബശ്രീ. കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്തിലെ ഇരിങ്ങലിൽ ഉയർന്നുവരുന്ന കരകൗശല ഗ്രാമത്തിൽ കുടുംബശ്രീ സംരംഭകർ ഉത്പന്നങ്ങളുമായെത്തും.

കേരളത്തിന്റെ സവിശേഷമായ കരകൗശല സമ്പത്തിനെ പരിപോഷിപ്പിച്ച് ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തിയുള്ള കേരള ടൂറിസത്തിന്റെ സംരംഭമാണ് ഇരിങ്ങൽ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ്. മൂരാട് പുഴയുടെ തീരത്ത് 20 ഏക്കറിലായി വ്യാപിച്ചു കിടക്കുന്ന കരകൗശല ഗ്രാമത്തിൽ 53 യൂണിറ്റിലെ കരകൗശല വിദഗ്ധർക്ക് തങ്ങളുടെ കലാസൃഷ്ടികൾ നിർമ്മിക്കുവാൻ സൗകര്യമുള്ള 23 ആകർഷകമായ കുടിലുകളാണ് പണിതുയർത്തിയിട്ടുള്ളത്. വാഴ, കുളവാഴ, തഴ, പനയോല തുടങ്ങിയവയുടെ നാരുകൾ, മണ്ണ്, കളിമണ്ണ്, മുള, ഈറ്റ, കയർ, ചിരട്ട, തെങ്ങ്, തേങ്ങ, തടി, സങ്കര ലോഹങ്ങൾ തുടങ്ങി വിവിധ വസ്തുക്കൾ കൊണ്ട് കലാരൂപങ്ങൾ നിർമ്മിക്കുന്നവർക്ക് വേണ്ടിയാണ് കരകൗശലഗ്രാമം. ഉത്പാദനത്തിന്റെ വിവിധവശങ്ങൾ സഞ്ചാരികൾക്കു മനസ്സിലാക്കുന്നതിനാവശ്യമായ ഘട്ടങ്ങൾ കരകൗശല ഗ്രാമത്തിലുണ്ടായിരിക്കണമെന്നല്ലാതെ ഉത്പാദനം പൂർണ്ണമായും ഇവിടെ ആയിരിക്കണമെന്ന നിർബന്ധമില്ല കൂടാതെ പൂർത്തിയായ ഉത്പന്നങ്ങൾക്ക് ഇവിടെ വിപണന സൗകര്യവും ലഭിയ്ക്കും. ഓരോ യൂണിറ്റും സെക്യൂരിറ്റി നിക്ഷേപം എന്ന നിലയ്ക്ക് 5000 രൂപ വീതവും ഒരു സ്റ്റോളിന് പ്രതിമാസം 500 രൂപ വീതം വാടകയിനത്തിലും നൽകേണ്ടതാണ്. യൂണിറ്റുകളുടെ കാലാവധി പൂർത്തിയാകുമ്പോൾ സെക്യൂരിറ്റി നിക്ഷേപം തിരിച്ചു നൽകുന്നതാണ്.

നവീനമായ ഡിസൈനുകളിൽ വിപണിക്കനുസൃതമായി ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനായുള്ള ക്രാഫ്റ്റ് ഡിസൈൻ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, അത്യാധുനിക വിപണന കേന്ദ്രം, പരിശീലന കേന്ദ്രം എന്നിവ ഈ വില്ലേജിന്റെ ഘടകങ്ങളാണ്. സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷണ- താമസ സൗകര്യവും ഉത്പന്നങ്ങളുടെ പ്രദർശനത്തിനുള്ള സൗകര്യവുമുണ്ടായിരിക്കും. ടൂറിസ്റ്റുകൾക്കായി ബോട്ടിംഗ്, കഫ്റ്റീരിയ തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു.

സർക്കാർ, അർദ്ധസർക്കാർ, എൻ.ജി.ഒ, ചാരിറ്റബിൾ സ്ഥാപനങ്ങൾക്കും കേരളത്തിന്റെ തനതു കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ പ്രാവീണ്യം നേടിയ വ്യക്തികൾക്കും ഈ പദ്ധതിയിൽ പങ്കാളിയാകാം. കരകൗശല ഗ്രാമത്തിലേക്ക് വിദഗ്ദ്ധ കലാകാരന്മാരെ തെരഞ്ഞെടുക്കുന്നത് തികച്ചും സുതാര്യമായ ഒരു പ്രക്രിയയിലൂടെയാണ്. കരകൗശല രൂപങ്ങളുടെ പ്രവർത്തന മികവും പ്രസക്തിയും നിർമ്മാണ വൈദഗ്ധ്യവുമാണ് കരകൗശല ഗ്രാമത്തിൽ ഇടം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. കേരള ടൂറിസം വകുപ്പിന്റെ മികച്ച ബ്രാന്റ് പരിരക്ഷയും ലഭ്യമാണ്. വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാനും വിപണനച്ചെലവ് കുറയ്ക്കാനും കരകൗശല വസ്തുക്കളുടെ വിപണന ജോലി ആയാസരഹിതമാക്കുവാനും ഇത് സഹായിക്കുന്നു.

## കുടുംബശ്രീയ്ക്ക് സ്ഥിരമായ മാർക്കറ്റിംഗ് സംവിധാനം



**കു**ടുംബശ്രീയ്ക്ക് സ്ഥിരമായ മാർക്കറ്റിംഗ് സംവിധാനം ഇരിങ്ങൽ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജിലൂടെ സാധ്യമാണെന്ന് ടൂറിസം വകുപ്പ് സെക്രട്ടറി ഡോ. വി. വേണു അഭിപ്രായപ്പെട്ടു.കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്തിലെ ഇരിങ്ങലിൽ നടന്ന കരകൗശലഗ്രാമശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.തെരഞ്ഞെടുത്ത ആർട്ടിസാൻസാർക്ക് കരകൗശല ഗ്രാമത്തിനെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നതോടൊപ്പം സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ചർച്ച സംഘടിപ്പിക്കുക എന്നതായിരുന്നു ശില്പശാലയുടെ ഉദ്ദ്യേശ്യം.

വിനോദ സഞ്ചാരമേഖലയിൽ വിപണനവും സൗഹൃദവും കോർത്തിണക്കിക്കൊണ്ടുപോകുവാൻ ഇരിങ്ങൽ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജിന് സാധിക്കുമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറി ഡോ. വി. വേണു കൂട്ടിച്ചേർത്തു. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് കരകൗശലഗ്രാമം സഹായിക്കുമെന്ന് ആഭ്യന്തരവകുപ്പ് മന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി സി.എം. രവീന്ദ്രൻ പറഞ്ഞു. വിപണന കേന്ദ്രത്തിനെക്കുറിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ചും വിശദമായി പ്ലാനിംഗ് ഓഫീസർ എ. ഉണ്ണികൃഷ്ണൻ സംസാരിച്ചു.

# ബിസിനസ് കറസ്പോണ്ടന്റ്സിനുള്ള പരിശീലനം പൂർത്തിയായി




**ബാ**ങ്കിംഗ് സേവനം ലഭ്യമല്ലാത്ത ഗ്രാമങ്ങളിൽ ബാങ്കിംഗ് സേവനം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി കുടുംബശ്രീയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സയുക്തമായി ബിസിനസ് കറസ്പോണ്ടന്റ് പദ്ധതി നടപ്പിലാക്കും. ഇതിന്റെ ആദ്യപടിയായി സംസ്ഥാനത്തെ 27 റവന്യൂ വില്ലേജിലേക്കുള്ള കസ്റ്റമർ സർവ്വീസ് പ്രൊവൈഡേഴ്സിനുള്ള (ബിസിനസ് കറസ്പോണ്ടന്റ്) പരിശീലനം പൂർത്തിയായി.

ബാങ്കിംഗ് സംവിധാനങ്ങളെക്കുറിച്ച് കസ്റ്റമർ സർവ്വീസ് പ്രൊവൈഡേഴ്സിന് (കുടുംബശ്രീ അംഗം) വ്യക്തമായ ധാരണയും പിന്തുണയും നൽകുക, പി.ഒ.എസ് (പോയിന്റ് ഓഫ് സർവ്വീസ്) മെഷീന്റെ സഹായത്തോടെ ബാങ്ക് ഇടപാടുകൾ നടത്തുന്ന രീതി എന്നിവയെക്കുറിച്ചും പരിശീലനത്തിൽ വ്യക്തമാക്കി.

സേവിംഗ്സ് ബാങ്ക് / സീറോ ബാലൻസ് അക്കൗണ്ടുകൾ ആരംഭിക്കുക, നിക്ഷേപ തുകകൾ സ്വീകരിക്കുക, വായ്പ നൽകുക, തിരിച്ചടവ് സ്വീകരിക്കുക, ബാങ്കിന്റെ മറ്റു സേവനങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുക തുടങ്ങിയ സൗകര്യങ്ങളാണ് ബിസിനസ് കറസ്പോണ്ടന്റ് മുഖേന ഉപഭോക്താവ് / ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുന്നത്. അക്കൗണ്ട് ആരംഭിക്കുന്ന ഓരോ ഉപഭോക്താവ് / ഗ്രൂപ്പിനും ഒരു ബയോമെട്രിക് കാർഡ് ലഭ്യമാകും. ഈ കാർഡ് ഉപയോഗിച്ച് പി.ഒ.എസ് മെഷീന്റെ സഹായത്തോടെയാണ് ഓരോ ഉപഭോക്താവും / ഗ്രൂപ്പും ബിസിനസ്സ് കറസ്പോണ്ടന്റ് മുഖേന ബാങ്ക് ഇടപാടുകൾ നടത്തുക.

ഒരുലക്ഷത്തിൽപ്പരം ഇടപാടുകാരെ ഗ്രാമങ്ങളിൽ നിന്ന് ഉൾക്കൊള്ളിക്കണമെന്നാണ് ബാങ്കിന്റെ ലക്ഷ്യം. ഗ്രാമങ്ങളിലെ കസ്റ്റമർ സർവ്വീസ് കേന്ദ്രങ്ങളിലെ മൈക്രോ എ.ടി.എമ്മുകൾ കൈകാര്യം ചെയ്യുന്നതു കുടുംബശ്രീയ്ക്കു കീഴിലുള്ള സ്വാശ്രയ സംഘങ്ങളായിരിക്കും. ഈ ബിസിനസ് പ്രതിനിധികൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാകുമെന്നതിനാൽ ഇടപാടുകാർക്കും ബാങ്കിടപാടിനു ബാങ്കിന്റെ ഒരു ശാഖയിലും സമീപിക്കേണ്ടിവരില്ല.ഹൈദരാബാദിലെ ബാർട്രോണിക്സ് ഇന്ത്യയാണ് സാങ്കേതിക സഹായം ലഭ്യമാക്കുന്നത്. ഹാർഡ് വെയറും സോഫ്റ്റ് വെയറും റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സാങ്കേതികതയുള്ള ജാവാ സ്മാർട് കാർഡുകളും അവർ നൽകും. കാർഡിൽ സംഭരിച്ചിട്ടുള്ള വിരലടയാളങ്ങളിലൂടെ ഇടപാടുകാരെ തിരിച്ചറിയാം. നിർദ്ദിഷ്ട ഗ്രാമീണ ഇടപാടുകാർക്കും പ്രാഥമികമായി ശൂന്യബാലൻസ് അക്കൗണ്ട്, പൊതു ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ കിസാൻ ക്രെഡിറ്റ് കാർഡ്, ത്രിഫ്റ്റ് ഡിപ്പോസിറ്റ് അക്കൗണ്ട് എന്നിവ നൽകും. കാലാവധി നിക്ഷേപം, തുക അടയ്ക്കൽ, ബിൽ അടയ്ക്കൽ, മൈക്രോ ഇൻഷുറൻസ് എന്നിവയും ലഭ്യമാകും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാമുരളീധരൻ, എസ്.ബി.റ്റി ഡെപ്യൂട്ടി ജനറൽ മാനേജർ ശിവസ്വാമി, ഫിനാൻഷ്യൽ ഇൻക്ലൂഷൻ ചീഫ് മാനേജർ അനിൽ കുമാർ എന്നിവർ കസ്റ്റമർ സർവ്വീസ് പ്രൊവൈഡേഴ്സിന് ക്ലാസ്സെടുത്തു.

# SERP സംഘത്തിന്റെ സന്ദർശനം

**കേ**രളത്തിൽ എൻ.ആർ.എൽ.എം പദ്ധതി നടപ്പിലാക്കുന്നതോടനുബന്ധിച്ച് ആന്ധ്രാപ്രദേശിലെ SERP (സൊസൈറ്റി ഫോർ എലിമിനേഷൻ ഓഫ് റൂറൽ പോവർട്ടി) സംഘം കുടുംബശ്രീ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് നേരിട്ട് സന്ദർശനം നടത്തി. വനിതകളുടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും ജീവനോപാധിമേഖലകളിൽ പ്രവർത്തനം നടത്തുകയും ചെയ്യുന്ന സെർപ്പിന്റെ 16 അംഗസംഘമാണ് കേരളത്തിൽ എത്തിയത്.

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം, കരുണാപുരം, പാമ്പാടുംപാറ എന്നീ പഞ്ചായത്തുകളിലും വയനാട് ജില്ലയിലെ പനമരം, നെന്മേനി, മീനങ്ങാടി എന്നീ പഞ്ചായത്തുകളിലുമാണ് സെർപ്പ് സംഘം സന്ദർശനം നടത്തിയത്. ആശ്രയ, ബാലസഭ, ജെ.എൽ.ജി, മൈ ക്രോ സംരംഭങ്ങൾ എന്നീ കുടുംബശ്രീ പദ്ധതികൾ നേരിട്ട് കണ്ട് വിശകലനം നടത്തി.പഞ്ചായത്ത് ഭരണസമിതി, സി.ഡി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി, അയൽക്കൂട്ട കമ്മിറ്റി, പട്ടികവർഗ്ഗ പട്ടിക ജാതി അയൽക്കൂട്ട കമ്മിറ്റി എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ലഭിക്കത്തക്ക രീതിയിൽ നടത്തിയ നേരിട്ടുള്ള സന്ദർശനം സെർപ്പ് സംഘത്തിന് ആകാംക്ഷ നൽകി. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയെ പഞ്ചായത്ത് എങ്ങനെ സഹായിക്കുന്നു എന്നതിനെക്കുറിച്ചുള്ള ടീമിന്റെ സംശയങ്ങൾ ചർച്ചയിലൂടെ വിശദീകരിക്കുകയും എൽ.സി.ഡി പ്രസന്റേഷൻ നടത്തുകയും ചെയ്തു.

മൈക്രോ സംരംഭങ്ങളുടെ കൺസൾട്ടൻസി എന്നത് വളരെ നൂതനവും അത്യന്താപേക്ഷിതവുമായ ആശയമാണെന്ന് സെർപ്പ് അഭിപ്രായപ്പെട്ടു. സന്ദർശകരെ ഏറ്റവും കൂടുതൽ ആകർഷിച്ചത് കുടുംബശ്രീയുടെ ബാലസഭ പ്രവർത്തനങ്ങളാണ്. സന്ദർശകരെ സംബന്ധിച്ച് ബാലപഞ്ചായത്ത് എന്ന ആശയം അവർക്ക് പുതുമയേകി. ആന്ധ്രാപ്രദേശിലും ബാലപഞ്ചായത്ത് രൂപീകരിക്കുമെന്ന ദൃഢപ്രതിജ്ഞയോടെയാണ് സെർപ്പിലെ 16 അംഗ സംഘം തിരികെ പോയത്.

## ട്രെയിൻ യാത്ര സുരക്ഷിതമാക്കാനുള്ള ഹെൽപ്പ് ലൈൻ നമ്പറുകൾ



9846200100

9846200150

9846200180




# സ്നേഹത്തിന്റെ സ്പർശം

**ഞ**ങ്ങളും അമ്മമാരുടെ സ്വപ്ന ങ്ങളാണ്............ സ്നേഹവും സാന്ത്വന വും സമന്വയിച്ച അപൂർവ്വ നിമിഷം. സ്നേഹസ്പർശം എന്ന പേരിൽ സംഘടിപ്പിച്ച ബഡ്സ് സ്കൂൾ കുട്ടികളുടെ ജില്ലാതല ബാലസംഗമം നവ്യാനുഭവമായി. ബൗദ്ധിക വെല്ലുവി ളികൾ നേരിടുന്നവർക്കായി ഗ്രാമപ ഞ്ചായത്തും കുടുംബശ്രീയും സംയു ക്തമായി ആരംഭിച്ചതാണ് ബഡ്സ് സ്കൂളുകൾ. ബാലസഭാ പ്രവർത്ത നത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ 7 ബഡ്സ് സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സ്നേഹസ്പർശം പരിപാടി സംഘടി പ്പിച്ചത്. ചേറോട്, ഫറോക്ക്, ഒഞ്ചിയം, ഏറാമല, കാവിലുംപാറ, മാവൂർ, വില്യാപള്ളി എന്നിവിടങ്ങളിലെ ബഡ് സ് സ്കൂളുകളിൽ നിന്നും ഏകദേശം 125 കുട്ടികളും 50 മാതാപിതാക്കളും ഇതിൽ പങ്കെടുത്തു.



"അണ്ണാറക്കണ്ണാ അരികിൽ വരാ മോ" എന്ന സുന്ദരമായ ഗാനവുമായി വില്യാപ്പള്ളി ബഡ്സ് സ്കൂളിൽ നിന്നും പത്മനാഭൻ അരങ്ങ് സജീവ മാക്കി. പിന്നെ പാട്ടുകളും കവിതകളും നൃത്തവുമായി സംഗമം അവിസ്മ രണീയമാക്കി. അവിടെ മത്സരങ്ങ ൾക്കോ ഈണങ്ങൾക്കോ ആയിരുന്നി ല്ല പ്രാധാന്യം, മറിച്ച് കൂട്ടുകാരുടെ സന്തോഷത്തിനായിരുന്നു. കുട്ടികൾ അവർക്കുള്ള ബാഡ്ജ് സ്വയം നിർമ്മി ച്ചത് സ്നേഹ സ്പർശത്തിന് മാറ്റ് കൂട്ടി. അതിനു വേണ്ടി ചെറിയ പേപ്പർ കഷണങ്ങൾ, ക്രയോൺസ്, ടാക്, ബാഡ്ജ് കവർ എന്നിവ നൽകി. ഭൂരി ഭാഗവും കുട്ടികൾ ബാഡ്ജിൽ സ്വന്തം പേരെഴുതുകയും കഴുത്തിൽ അണി യുകയും ചെയ്തു. കുട്ടികൾ നിർമ്മിച്ച വിവിധങ്ങളായ കരകൗശല വസ്തുക്ക ളുടെ പ്രദർശനം പരിപാടി കൂടുതൽ ശ്രദ്ധേയമാക്കി. വിവിധ പഞ്ചായത്തു കളുടെ ഉപയോഗത്തിന് വേണ്ട ഫയൽ ബോർഡുകളുടെ നിർമ്മാണം, ലോംഗ് കവർ നിർമ്മാണം തുടങ്ങിയവ കാവിലും പാറ വില്യാപ്പള്ളി സ്കൂളിലെ കുട്ടികൾ ചെയ്യുന്നു. പൊതുസമൂഹത്തിനോട് തട്ടിച്ചുനോക്കുമ്പോൾ ഇവരുടെ കര വിരുത് എത്ര മനോഹരവും മഹത്തര വുമാണ്. കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കാൻ പ്രദർശനം സഹായിച്ചു. സംഗമത്തിന്റെ ഭാഗമായി എഴുതാനും വരയ്ക്കാനും അറിയാ വുന്നവർക്ക് വേണ്ടി ചാർട്ട് പേപ്പറുകൾ തയ്യാറായിരുന്നു.

ബൗദ്ധിക വെല്ലുവിളികൾ നേരിടു ന്നവരും സമൂഹത്തിന്റെ ഭാഗമാണ് എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഒരുപാട് സന്തോഷങ്ങൾ കൊടുക്കു വാനും സമൂഹത്തിന്റെ മുഖ്യധാര യിലേക്ക് ഇവരെ കൊണ്ടുവരാനുള്ള ശ്രമവും ഇവരുടെ കഴിവുകൾ പൊതു സമൂഹത്തിന് കാണിച്ചു കൊടുക്കുന്ന തിനും കൂട്ടായ്മ വളർത്തുന്നതിനും സ്വതസിദ്ധമായ സർഗ്ഗവാസനകളെ പുറത്തുകൊണ്ടുവരുന്നതിനും മാതാ പിതാക്കൾക്ക് മാനസിക പിന്തുണ കൊടുക്കുന്നതിനും ഒരു പരിധി വരെ സ്നേഹസ്പർശത്തിലൂടെ സാധിച്ചു.

പ്രശസ്ത ഗാനരചയിതാവും പിന്ന ണി ഗായകനുമായ വി.ടി. മുരളി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ചേറോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അബൂബക്കർ അദ്ധ്യക്ഷത വഹിച്ചു.

# ബഡ്സ് സ്കൂൾ മേന്മവൽക്കരണ ശില്പശാല



**തി**രുവനന്തപുരത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർക്കുമായി കുടുംബശ്രീ ബഡ്സ് സ്പെഷ്യൽ സ്കൂൾ മേന്മവൽക്കരണ ശില്പശാല സംഘടിപ്പിച്ചു.

ബഡ്സ് സ്കൂൾ സംബന്ധിച്ച് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ധാരണ നൽകുക, സ്കൂളുകളെ ശക്തിപ്പെടുത്തുക, മാർഗ്ഗനിർദ്ദേശങ്ങൾ പരിചയപ്പെടുത്തുക, ബഡ്സ് മാനേജ്മെന്റ് ശേഷി വർദ്ധിപ്പിക്കുക, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുക എന്നിവയായിരുന്നു ശില്പശാലയുടെ ഉദ്ദ്യേശ്യം. കുടുംബശ്രീ ഡയറക്ടർ പി. മനോഹരൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ ശാരദാമുരളീധരൻ ആമുഖ അവതരണം നടത്തി.

വിദ്യാഭ്യാസ ഗ്രാന്റ്, മാനേജിംഗ് കമ്മിറ്റി രൂപീകരണം, അദ്ധ്യാപിക യോഗ്യത തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. റോട്ടറി ക്ലബ് നടത്തുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്ഥാപനം ജനപ്രതിനിധികൾ സന്ദർശിച്ചു. കാസർഗോഡ് ജില്ലയിലെ എന്റോസൾഫാൻ ദുരിത ബാധിതമേഖലയിലെ ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ ബഡ്സ് രൂപീകരണ ശ്രമത്തിന്റെ ഭാഗമായി ശില്പശാലയിൽ പങ്കെടുത്തു. എൻ. ജഗജീവൻ, എം.ജി. കാളിദാസൻ, എ. ജയകുമാർ എന്നിവർ ക്ലാസ്സുകൾ എടുത്തു.

# എ.ഡി.എസ് കൂട്ടായ്മയിലൂടെ വിജയത്തിലേക്ക്

**കാ**സർഗോഡ് പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8-ാം വാർഡി ലെ എ.ഡി.എസ് അംഗങ്ങളാണ് കൂട്ടാ യ്മയിലൂടെ പൊന്നു വിളയിച്ചത്. ശകു ന്തള, രേഖ, ചന്ദ്രിക, കുഞ്ഞിപ്പെണ്ണ്, ബിന്ദു എന്നീ 5 അംഗങ്ങൾ പാട്ടത്തിന് സ്ഥലമെടുത്താണ് 2 ഏക്കർ സ്ഥല ത്തായി വാഴ കൃഷിയും പച്ചക്കറി കൃഷിയും നടത്തിയത്.



പച്ചക്കറി ഇനത്തിൽ ചീര, വെണ്ട, പാവൽ, ഞരമ്പൻ, വെള്ളരി, മത്തൻ, കുമ്പളങ്ങ തുടങ്ങിയവാണ് കൃഷി ചെയ്തത്. കൃഷി ഭവനിൽ നിന്നും വിത്തും വളവും ലഭിച്ചിരുന്നു. "നില മൊരുക്കുന്നു മുതൽ വിളവെടുപ്പ് വരെ യുള്ള എല്ലാ പണികളും അഞ്ചു പേരും ഒത്തൊരുമിച്ച് ചെയ്തു. പുരു ഷൻമാരെ ആശ്രയിക്കാതെ തന്നെ കൃഷി ചെയ്യാൻ ഞങ്ങൾക്ക് സാധിച്ച താണ് ഞങ്ങളുടെ ഈ കുട്ടായ്മയുടെ വൻ വിജയം"- അവർ ഒരേ സ്വര ത്തിൽ പറയുന്നു. കൂലിയിനത്തിൽ കൊടുക്കേണ്ട തുക ഞങ്ങൾക്ക് മിച്ചം വന്നു.

5 പേരും കൂലിക്ക് പുറം പണിക്കും തൊഴിലുറപ്പ് പണിക്കും പോകുന്നവ രാണ്. ഈ പണി കഴിഞ്ഞതിനു ശേഷ മാണ് ഞങ്ങൾ കൃഷി ചെയ്യാനായി സമയം കണ്ടെത്തിയത്. രാവിലെയും വൈകുന്നേരവുമായി എല്ലാ ജോലി കളും അവർ ഊർജ്ജസ്വലതയോടെ ചെയ്തു. കാർഷിക സംസ്കൃതിയുടെ പുനരുജ്ജീവനം മാത്രമല്ല നല്ലൊരു കൂട്ടായ്മ കൂടിയാണ് അവർക്ക് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. ഒത്തൊരുമിച്ചാൽ ഏത് കാര്യവും വൻ വിജയത്തിലെത്തിക്കാൻ സാധിക്കും എന്ന ഗുണപാഠമാണ് ഞങ്ങൾക്ക് ഈ അനുഭവത്തിലൂടെ ലഭിച്ചത്. കൃഷിക്ക് ആവശ്യമായ പച്ചില വളങ്ങൾ ഞങ്ങൾ തന്നെ ശേഖരിക്കുകയാണ് ചെയ്തത് അവർ കൂട്ടിച്ചേർത്തു. സി.ഡി.എസ് യോഗം ചേരുന്ന അവസരത്തിലും പഞ്ചായത്തിലെ മറ്റു യോഗങ്ങൾ ചേരുന്ന സമയത്തും ഉത്പന്നങ്ങൾ അവിടെ എത്തിച്ച് വിറ്റഴിക്കുവാനും അഞ്ചംഗ സംഘം ശ്രദ്ധിച്ചിരുന്നു. സി. ഡി.എസ്സിന്റെ ഭാഗത്തു നിന്നും ലഭ്യമായ പ്രോത്സാഹനത്തിൽ അവർ സന്തുഷ്ടരാണ്. കൃഷി ചെയ്യുന്നതി നായി അവർക്ക് ചെലവ് കുറവാണ് എന്ന് അവർ അഭിപ്രായപ്പെടുന്നു. എന്നാൽ കഠിനാധ്വാനം വളരെ വലുതാണ്. അതുകൊണ്ടാണ് അവർക്ക് നഷ്ടമില്ലാത്ത ഒരു സംരംഭമായി കൃഷിയെ ഈ കൂട്ടായ്മയിലൂടെ നേടിയെടുക്കാൻ സാധിച്ചത്. നല്ലൊരു വരുമാനം ഉണ്ടാക്കാൻ സാധിച്ചതു കൊണ്ട് ഇനിയും കൃഷി ചെയ്യാനുള്ള താത്പര്യം കൂടി വരികയാണ് ചെയ്യുന്നത്.

"നാട്ടുകാരുടെ ഭാഗത്തു നിന്നും എല്ലാവിധ പ്രോത്ഹാസനവും ഞങ്ങ ളുടെ സ്ത്രീ കൂട്ടായ്മയക്ക് ലഭിച്ചിരുന്നു. കൃഷി ചെയ്യാൻ തുടങ്ങുമ്പോൾ ഇത് മുന്നോട്ട് കൊണ്ടുപോകാൻ സാധി ക്കുമോ എന്ന ഭീതിയിലായിരുന്നു ഞങ്ങൾ. അവസാനം നല്ലൊരു വിജയ ത്തോടുകൂടി അത് പൂർത്തീകരിക്കാൻ സാധിച്ചതാണ് ഞങ്ങളുടെ ഏറ്റവും വലിയ വിജയം"- അവർ അഭിമാന ത്തോടെ പറയുന്നു. വിളവെടുപ്പ് ഉദ്ഘാ ടനം പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ഹസൈനാർ, സി.ഡി. എസ് ചെയർപേഴ്സൺ രോഹിണി, വാർഡ് മെമ്പർ പി.വി സരോജിനി എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

# നഗരസഭ കൗൺസിലിന് ഏകദിന ശില്പശാല



*ശില്പശാലയുടെ ഔപചാരിക ഉദ്ഘാടനം നിലമ്പൂർ നഗരസഭ ചെയർമാൻ ഷൗക്കത്ത് ആര്യാടൻ നിർവഹിക്കുന്നു*

**മ**ലപ്പുറം ജില്ലയിൽ പുതുതാ യി രൂപീകൃതമായ കോട്ടക്കൽ, നിലമ്പൂർ നഗരസഭ കൗൺസി ലർമാർക്ക് വേണ്ടി കുടുംബശ്രീ ജില്ലാ മിഷൻ ഏകദിന ശില്പശാല സംഘ ടിപ്പിച്ചു.കോട്ടക്കൽ, നിലമ്പൂർ നഗര സഭകളിലെ മുഴുവൻ കൗൺസി ലർമാരും പങ്കെടുത്തു.

നഗരസഭ തലത്തിലുള്ള രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് രണ്ട് നഗരസ ഭകളും അടിയന്തിരമായി ചെയ്ത് തീർക്കേണ്ട പരിപാടികളെ കുറിച്ച് പ്രവർത്തന കലണ്ടർ തയ്യാറാക്കി. നിലമ്പൂർ നഗരസഭയിൽ പ്രത്യേക ഉപജീവന പരിപാടി (SLP) രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ നഗരസഭ തീരുമാനിച്ചതായി ചെയർ മാൻ അറിയിച്ചതിന്റെ അടിസ്ഥാ നത്തിൽ നിലമ്പൂരിൽ നഗരസഭ ക്കുവേണ്ടി പ്രത്യേക പ്രവർത്ത നകലണ്ടർ തയ്യാറക്കുകയുണ്ടായി. അതനുനുസരിച്ച് മാർച്ച് 15 ന് മുമ്പായി നേച്ചർ ഫ്രഷ്. മിൽക്ക്, നേച്ചർ ഫ്രഷ് മുട്ട കോഴി വളർത്തൽ എന്നി പദ്ധതികളിൽ ആരംഭിക്കാ നാവശ്യമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തത്. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നിലമ്പൂർ നഗരസഭയിൽ സമഗ്ര സർവ്വെ നടത്തുവാനുള്ള തീരുമാന ങ്ങളും ഉണ്ടായി.

ശില്പശാലയുടെ ഉദ്ഘാടനം നിലമ്പൂർ നഗരസഭ ചെയർമാൻ ഷൗക്കത്ത് ആര്യാടൻ നിർവഹി ച്ചു.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദ മുരളീധരൻ, പ്രോഗ്രാം ഓഫീസർ എൻ.ജഗ ജീവൻ, ലിബി.ടി ജോൺസൺ, ഡോ. മധു എന്നിവരുടെ അവതരണം ഉണ്ടായിരുന്നു. കോട്ടക്കൽ നഗരസഭ ചെയർപേഴ്സൺ ബുഷ്റ ഷബീർ നഗരസഭ സെക്രട്ടറിമാരായ എ.എസ് സുഭഗൻ, എ.സി. കുര്യാക്കോസ് എന്നിവരും സംസാരിച്ചു.

## വിജയഗാഥ

# വനിതാ ക്യാന്റീനിന്റെ സാരഥിമാർ



മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭാ കാര്യാലയത്തിനു പിന്നിൽ 8 സ്ത്രീകൾ തിരക്കിട്ട് പണിയെടുക്കുകയാണ്. ഒരാൾ പച്ചക്കറി നുറുക്കുന്നു, ഒരാൾ അരയ്ക്കുന്നു, മറ്റൊരാൾ പാത്രം കഴുകുന്നു - ചിലർ വിളമ്പുന്നു- ഓടിനടന്ന് ജോലി ചെയ്യുന്ന ഈ സ്ത്രീകൾ എട്ടുപേരും തൊഴിലാളികൾ അല്ല, മുതലാളിമാരാണ്.ഗ്രീൻസ് വനിതാ ക്യാന്റീനിന്റെ മുതലാളിമാർ. പുട്ടും കടലയും ദോശയും ഉൾപ്പെടുന്ന സ്വാദിഷ്ഠമായ പ്രാതൽ മുതൽ വൈകിട്ട് ആറു മണിക്ക് ചായയും പലഹാരവും ഉച്ചയ്ക്ക് ഊണും മീൻകറിയും ഇറച്ചിക്കറിയും. എല്ലാം മിതമായ നിരക്കിൽ എന്നാൽ പ്രത്യേക രുചിയോടെ ഇവർ പാചകം ചെയ്യുന്നു.

ഒരു സുപ്രഭാതത്തിൽ പെട്ടെന്നുണ്ടായി വന്നതല്ല ഈ ക്യാന്റീൻ. വീട്ടിൽ രണ്ടോ മൂന്നോ പേർക്ക് ആഹാരം ഉണ്ടാക്കി മാത്രം പരിചയമുള്ള ഈ സ്ത്രീകൾ ഒരു ഹോട്ടൽ ബിസിനസ് തുടങ്ങുകയും അത് വിജയിക്കുകയും ചെയ്തതിനു പിന്നിൽ കൂട്ടായ്മയുടെ കരുത്താണുള്ളത്. നഗരസഭയ്ക്ക് ക്യാന്റീൻ ആവശ്യമായപ്പോഴാണ്, ഗ്രീൻസിന്റെ സെക്രട്ടറിയും കുടുംബശ്രീയുടെ എ.ഡി.എസ്. ചെയർപേഴ്സണുമായ സരസ്വതി ഇതിനായി ശ്രമം തുടങ്ങിയത്. പത്തു സ്ത്രീകളെ ഇതിനായി സംഘടിപ്പിക്കുവാൻ ആദ്യഘട്ടത്തിൽ കുറച്ചു വിഷമിച്ചുവെന്ന് സരസ്വതി പറയുന്നു. ഭർത്താവ് സമ്മതിക്കുന്നില്ലെന്നും ആങ്ങള സമ്മതിക്കുന്നില്ലെന്നും മറ്റും പറഞ്ഞ് പല സ്ത്രീകളും പിന്മാറി. ഒടുവിൽ ഏതാണ്ട് ഒരു വർഷത്തെ ശ്രമഫലമായി സരസ്വതിക്ക് പുറമേ, നിർമ്മല, ശ്യാമള, രജനി, ശ്രീദേവി, ഗീത, സുനിത, ദേവകി എന്നിവരടങ്ങുന്ന ഗ്രീൻസ് എന്ന ഇപ്പോഴത്തെ സംഘം രൂപംകൊണ്ടു. നഗരസഭയുടെ ഒരു ലക്ഷം രൂപ സബ്സിഡിയും ഒന്നര ലക്ഷം രൂപ ബാങ്ക് വായ്പയും പത്തു സ്ത്രീക ളുടെ ആയിരം രൂപ വീതമുള്ള വിഹിതമായ പതിനായിരം രൂപയും ചേർത്ത് ഹോട്ടൽ തുടങ്ങി. കച്ചവടം നടത്തിയോ ഹോട്ടൽ നടത്തിയോ പരിചയം ഇല്ലാത്തതിനാൽ ആദ്യഘട്ടത്തിൽ ചില നഷ്ടങ്ങൾ ഒക്കെ ഉണ്ടായി. എങ്ങനെ കണക്കെഴുതണമെന്നോ, എങ്ങനെ ലാഭം ഉണ്ടാക്കണമെന്നോ അറിയാവുന്നവരായിരുന്നില്ല ഈ സ്ത്രീകൾ. മൂന്നുപേർ എസ്.എസ്.എൽ.സിവരെ പഠിച്ചവരും ബാക്കിയുള്ളവർ ആറിലോ ഏഴിലോ വിദ്യാഭ്യാസം അവസാനിപ്പിച്ചവരും ആയിരുന്നു.

എന്നാൽ കാര്യങ്ങൾ പഠിക്കാനും തുടങ്ങിവച്ച പ്രവർത്തനം തുടരാനും ഇവർ ഒത്തൊരുമയോടെ തീരുമാനിച്ചു. ആ തീരുമാനം അവരുടെ ജീവിതത്തിൽ വലിയ മാറ്റത്തിന് തുടക്കമായി. ബിസിനസ് നടത്തി പരിചയമുള്ളവരുടെ ഉപദേശ നിർദ്ദേശങ്ങൾ ഗ്രീൻസിന് ലഭിച്ചു. കുടുംബശ്രീ നൽകിയ മൂന്നു പരിശീലന പരിപാടികളിൽ ഇവർ പങ്കെടുത്തു. പാചകം ഒരു കലയാണെന്നു മാത്രമല്ല, നല്ല ആദായകരമായ ബിസിനസ് കൂടിയാണെന്ന് അങ്ങനെ ഇവർക്ക് മനസ്സിലായി.

ആദ്യഘട്ടത്തിലുണ്ടായ നഷ്ടം നികത്താനും ബാങ്കു വായ്പ പൂർണ്ണമായി തിരിച്ചടയ്ക്കാനും ഗ്രീൻസിന് അധികകാലം വേണ്ടി വന്നില്ല. ആരേയും ഇവർ പണിക്ക് വച്ചിട്ടില്ല. ഹോട്ടലിന്റെ എല്ലാ പണിയും ഇവർ എട്ടുപേരും കൂടി ചെയ്യുന്നു. പാചകം മുതൽ കണക്കെഴുത്തുവരെ എല്ലാ ജോലിയും ഈ എട്ടുപേർക്കും അറിയാം. സരസ്വതിക്കും കൂട്ടുകാരികൾക്കും കൈവന്ന ഈ ആത്മവിശ്വാസം ഉയർന്ന പ്രതീക്ഷകൾ ആണിവർക്ക് നൽകിയിരിക്കുന്നത്.

സാമ്പത്തികമായും സാമൂഹ്യമായും മാറ്റം വന്നതോടെ കുടുംബങ്ങളിലെ എതിർപ്പും ഇല്ലാതായി. എറണാകുളത്തും തിരുവനന്തപുരത്തും നടക്കുന്ന പരിശീലന പരിപാടികളിലും യോഗങ്ങളിലും ഇവർ പങ്കെടുക്കുന്നു. ലോകത്തെകുറിച്ച് ഒരുപാട് പുതിയ അറിവ് ഞങ്ങൾക്കിപ്പോൾ ഉണ്ട്. - എന്ന് പറയുമ്പോൾ മാറ്റത്തിന്റെ ആഴം നമുക്ക് ബോധ്യപ്പെടുന്നു.



പി. മനോഹരൻ
ഡയറക്ടർ, കുടുംബശ്രീ മിഷൻ

# എ.ഡി.എസ്സിന്റെ ചുമതലകൾ

ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പു വരുത്തുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ (അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ്) സജീവമായ പങ്കാളിത്തം അനിവാര്യമാണ്. പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സി.ഡി.എസ്/എ.ഡി.എസ്സുകളുടെ ചുമതലകൾ, പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ മേറ്റിനെ നിയോഗിക്കൽ, തൊഴിലുപകരണങ്ങൾ ലഭ്യമാക്കൽ, തൊഴിലുപകരണങ്ങളിൽ നിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ വിനിയോഗം എന്നിവ സംബന്ധിച്ച് കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണെന്ന് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന തല കൗൺസിലും കുടുംബശ്രീ ഗവേണിംഗ് ബോഡിയും തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പു വരുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

### പശ്ചാത്തലം ഒരുക്കൽ

* അയൽക്കൂട്ട സംവിധാനത്തിലൂടെ തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചും അതിന്റെ നിബന്ധനകൾ സംബന്ധിച്ചും പ്രചാരണം നൽകുക.
* വാർഡിലെ എല്ലാ അയൽക്കൂട്ട കുടുംബങ്ങളും ഗ്രാമസഭയിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
* അയൽക്കൂട്ട ഭാരവാഹികൾക്ക് മതിയായ പരിശീലനം നൽകി അയൽക്കൂട്ടങ്ങളെ തൊഴിലുറപ്പ് പദ്ധതിയുടെ അനിവാര്യ ചുമതലകൾ ഏറ്റെടുക്കുവാൻ പ്രാപ്തരാക്കുക.

### രജിസ്ട്രേഷൻ

* തൊഴിൽ ചെയ്യാൻ സന്നദ്ധരായ മുഴുവൻ അയൽക്കൂട്ട കുടുംബാംഗങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക.
* അയൽക്കൂട്ട കുടുംബങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ പേർക്കും ജോബ് കാർഡ് കിട്ടി എന്ന് ഉറപ്പാക്കുക.
* തൊഴിൽ കാർഡുകൾ ലഭിച്ച അംഗീകൃത തൊഴിലവകാശികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ കൊടുപ്പിക്കുക. (അപേക്ഷ കൊടുത്തു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിൽ നൽകാൻ ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥമാണ്)

### പ്രൊജക്ട് രൂപീകരണം

* പ്രവൃത്തികൾ സംബന്ധിച്ച് അയൽക്കൂട്ടങ്ങൾ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ കരട് വാർഡ് തല കർമ്മപദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുക.
* വാർഡ് തലത്തിൽ ആവിഷ്കരിച്ച കരട് കർമ്മപദ്ധതി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനും അംഗീകാരം തേടുന്നതിനുമുള്ള അന്തരീക്ഷം സൃഷ്ടിക്കുക.
* അയൽക്കൂട്ടങ്ങൾ നിർദ്ദേശിച്ച പ്രവൃത്തികൾ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കുക.
* അംഗീകൃത കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള എഞ്ചിനിയർ/ഓവർസിയർ എന്നിവരെ പ്രവൃത്തികൾ നടത്തുന്ന സ്ഥലം കാണിച്ചുകൊടുക്കുകയും പ്രവൃത്തിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിച്ച് കൊടുക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കുകയും ചെയ്യുക.

(തുടരും)



# കുടുംബശ്രീയുടെ നൂതന ആവിഷ്കാരം 'ശ്രീശക്തി'

സ്ത്രീശാക്തീകരണ രംഗത്തെ നൂതന ചുവടുവെയ്പ്പായി കുടുംബശ്രീയുടെ 'ശ്രീശക്തി' എന്ന വെബ്പോർട്ടൽ നിലവിൽ വന്നു. പഠനത്തിലൂടെ ശാക്തീകരണം എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന സ്ത്രീപദവിസ്വയംപഠന പ്രക്രിയയുടെ ഭാഗമായാണ് ശ്രീശക്തി വെബ്പോർട്ടൽ സംഘടനാസംവിധാനത്തിൽ എത്തുന്നത്. മലയാളം, ഇംഗ്ലീഷ് പതിപ്പുകളിൽ ദൃശ്യമാകുന്ന ശ്രീശക്തിയിൽ, വിവേചനവും അസമത്വവും നിലകൊള്ളുന്ന സാമൂഹ്യ സാഹചര്യങ്ങളെ ആസ്പദമാക്കി ഓൺലൈൻ സംവാദവേദിക്കും സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ പഠനസഹായി രൂപീകരണത്തിനുമുള്ള ഇടമുണ്ട്.

സംഘടനാസംവിധാനത്തിലെ സഹോദരിമാർക്ക് സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുണ്ടാകുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതോടൊപ്പം സ്ത്രീകൾക്ക് കൂടുതൽ പ്രാപ്യതയുള്ള ജനാധിപത്യപ്രക്രിയയിൽ സുതാര്യമായ ഭരണനിർവ്വഹണവും പ്രാദേശികവികസനവും വെബ്പോർട്ടലിന്റെ അനന്തസാധ്യതകളിൽ പെടുന്നു. പോർട്ടൽ താഴെത്തട്ടിലെത്തിക്കുന്നതിന്റെ ആദ്യപടിയായി വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ട്രെയിനേഴ്സിന് ശ്രീശക്തി പോർട്ടൽ പരിചയപ്പെടുത്തുകയും അതുപയോഗിക്കുന്നതിനായി 3 ദിവസത്തെ തീവ്രപരിശീലനവും നൽകിയിരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ അക്ഷയ കേന്ദ്രങ്ങൾ വഴി സി.ഡി.എസ് പ്രതിനിധികൾക്കായി 10 ദിവസം നീണ്ടുനിൽക്കുന്ന കമ്പ്യൂട്ടർ, പോർട്ടൽ പരിശീലനങ്ങൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നു.


## തനിമ, പരിശുദ്ധി, കേരളീയത
## കുടുംബശ്രീ ഉൽപ്പന്നങ്ങൾ

### അലങ്കാരമത്സ്യം വിപണിയിൽ



കോട്ടയം ജില്ലയിലെ വൈക്കം ബ്ലോക്കിലെ ഒരുകൂട്ടം വനിതകൾ അലങ്കാര മത്സ്യം വളർത്തലുമായി മുന്നോട്ടുവ ന്നിരിക്കുകയാണ്. മനോഹരവും വർണ്ണശബളവുമായ സ്വർണ്ണ മത്സ്യങ്ങൾ, പ്ലാറ്റി, ഗപ്പി, സോർടെയിൽ, ബ്ലാക്ക് മോളി എന്നീ അലങ്കാര മത്സ്യങ്ങളെയാണ് ഇവർ വിപണിയിലെത്തിക്കുന്നത്. മത്സ്യത്തിന്റെ ഇനം അനുസരിച്ച് വിലയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകും. ഓർഡർ അനുസരിച്ച് ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കുന്നതാണ്.

**ഫോൺ നമ്പർ: 9633480917**

**കുടുംബശ്രീ ഉൽപ്പന്നങ്ങൾ മൊത്തമായി വാങ്ങാനും വിതരണം നടത്താനും താത്പര്യമുള്ളവർ മാർക്കറ്റിങ് ടീമുമായി ബന്ധപ്പെടുക. ഫോൺ-9895896716,9946121217**
**പ്രോഗ്രാം ഓഫീസർ (മാർക്കറ്റിംഗ്) : 9446363250**


Printed, Published and owned by Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, Published from 2nd Floor, TRIDA Building, Chalakkuzhi Road, Medical College (P.O.), Thiruvananthapuram, Design & Layout: Communique, Tvm-1, Printed at: Kerala State Audio Visual & Reprographic Centre,Managing Editor P.Manoharan, Editor P.Veena ,Editorial Assistant S.Jayalekshmi